(സി) കഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ചികിത്സലഭിക്കാതെ ഐശ്വര്യ എന്ന രോഗി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 2010-ൽ മരണമടഞ്ഞ സംഭവത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ലക്ഷം രൂപ 2013-ൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. തുടർന്ന് യേശുദാസ് എന്ന രോഗി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് മരണപ്പെട്ട സംഭവത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവകാശികൾക്ക് 4 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസുകൾ സംബന്ധമായി ഗവ. സർവന്റ്സ് കോൺടാക്ട് റൂൾ 50-ൽ വിശദമായി നിഷ്കർഷിച്ചിട്ടുണ്ട്.

വന്ധ്യതാചികിത്സ

44 (736) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വന്ധ്യതാചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളുടെ കുറവും സ്വകാര്യ ആശുപത്രിയിൽ ചൂഷണംചെയ്യുന്ന ദുസ്ഥിതിയും ഭാരിച്ച ചികിത്സാ ചെലവും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) നടപ്പുബജറ്റിൽ എത്ര തുക ഈ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ; പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ള വിവരം ഇനം തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള വന്ധ്യതാ ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിനും പുതിയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്കിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 18-8-2014-ലെ ജി.ഒ. (ആർടി.) നമ്പർ 2811/2014/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 25-3-2013-ലെ ജി.ഒ.(ആർടി.) നമ്പർ 1070/2013/ആ.കു.വ പ്രകാരം മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 375.75 ലക്ഷം രൂപയുടെ തുടർച്ചയായാണ് ടി തുക അനുവദിച്ചിട്ടുള്ളത്. ടി ക്ലിനിക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പുവർഷം 24 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള വന്ധ്യതാ ക്ലിനിക്കുകളുടെ ഉന്നമനത്തിനായി 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ചതുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

സ്വകാര്യ പരിശോധനാലാബുകളുടെ രജിസ്ട്രേഷനും ഗുണനിലവാര പരിശോധനയും

45 (737) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പരിശോധനാലാബുകളുടെ രജിസ്ട്രേഷൻ, അവയുടെ ഗുണനിലവാര പരിശോധന എന്നിവയ്ക്ക് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്വകാര്യലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) സ്വകാര്യലാബുകൾ അമിത നിരക്ക് ഈടാക്കുന്നു, ശുചിത്വമില്ല, പരിശോധനാഫലം കൃത്യമല്ല തുടങ്ങിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാസൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ടുമെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇത്തരം ലാബുകളുടെ ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly